## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ
## അഡീഷണൽ ലേബർ ലേബർ കമ്മീഷണർ (ഇ)യുടെ നടപടിക്രമം

**[സാന്നിദ്ധ്യം: എ.അലക്സാണ്ടർ]**

വിഷയം: തൊഴിൽ വകുപ്പ് - വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് - കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

വായന: 26.04.2016 തീയതിയിലെ സർക്കാർ കത്ത് നമ്പർ. 488627/ഇ1/16/ എഫ് & പി.ഡി.

**ഉത്തരവ് നമ്പർ. ഡബ്ല്യു (3) 6273/2016 തീയതി. 02.05.2016**

വായന (1) പ്രകാരം 29.04.2016 തീയതിയിൽ കൂടിയ യോഗത്തിൽ ബഹു.ലേബർ കമ്മീഷണർ പങ്കെടുക്കുകയും ടി വിഷയത്തിൽ തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറെ സഹായിക്കാൻ ഒരു പ്രത്യേക ടീം രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിന്റെ ആവശ്യത്തിനായി സ്ഥലം എടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ട സ്ഥാപനങ്ങളുടെ വിവരവും അതിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടുന്ന നഷ്ടപരിഹാരം ഉൾക്കൊള്ളിച്ചിട്ടുള്ള റിപ്പോർട്ട് ജില്ലാ ലേബർ ഓഫീസർ (ജി) തയ്യാറാക്കേണ്ടതുമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട നടപടികൾ ദ്രുതഗതിയിൽ ആക്കുന്നതിനും റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നതിനും തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ (ജി) ശ്രീമതി.എം.ഷജീനയെ കൺവീനറായും താഴെപ്പറയുന്ന അംഗങ്ങളെ സമിതിയുടെ അംഗങ്ങളായും നിശ്ചയിച്ച് ഉത്തരവാകുന്നു.

1. ശ്രീ.ജി.ബേബി, അസിസ്റ്റന്റ് ലേബർ ഓഫീസർ, നെയ്യാറ്റിൻകര
2. ശ്രീമതി.മിനി രവി, ജൂനിയർ സൂപ്രണ്ട് (ജി), ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം
3. ശ്രീമതി.രമ്യ.എസ്., ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം
4. ശ്രീ.സിനു.എസ്.നായർ, ക്ലാർക്ക് ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം
5. ശ്രീ.പ്രസാദ്.ജി., യു.ഡി.ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം
6. ശ്രീ.സജയകുമാർ.എം.എസ്., ഓഫീസ് അറ്റൻഡന്റ്,
   ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം
7. ശ്രീ.രാജീവ്.വി., ഓഫീസ് അറ്റൻഡന്റ് ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം

ടി ടീം വിശദമായ അന്വേഷണം നടത്തി ഇതുമൂലം കുടിയൊഴിപ്പിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റും അതിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പേരുവിവരവും തയ്യാറാക്കി അവർക്ക് നൽകേണ്ട നഷ്ടപരിഹാര തുക അടങ്ങുന്ന റിപ്പോർട്ട് 25.05.2016-നകം ബഹു.ലേബർ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**അഡീഷണൽ ലേബർ കമ്മീഷണർ (ഇ)**

**ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്**

പകർപ്പ്:-

1. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം
2. ജില്ലാ ലേബർ ഓഫീസർ, തിരുവനന്തപുരം
3. പി.എ റ്റു ലേബർ കമ്മീഷണർ
4. അഡീഷണൽ ലേബർ കമ്മീഷണർ (ഇ, ഐ.ആർ & ഡബ്ല്യൂ)
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. സീനിയർ സൂപ്രണ്ട് (ഇ)
7. ജൂനിയർ സൂപ്രണ്ട് (ഇ)
8. വെബ്സൈറ്റ്
9. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

AJC.R.P

**ജൂനിയർ സൂപ്രണ്ട് (ഡബ്ല്യൂ)**